"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എവിസി) വകുപ്പ് - ഇടുക്കി ജില്ലയിലെ വിദ്യാഭ്യാസ, ആരോഗ്യ വകുപ്പകളിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതികളും മറ്റ് വകുപ്പകളിലെ ഓഫീസുകളിൽ ആകസ്മിക പരിശോധനയും നടത്തുന്നതിന് അനുമതി നൽകിയും, 29-07-2024 തീയതിയിലെ ഉത്തരവ് റദ്ദ് ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.വി.സി-IV) വകുപ്പ്**

സ.ഉ.(സാധാ) നം.325/2024/P&ARD തീയതി,തിരുവനന്തപുരം, 12-08-2024

---

പരാമർശം:- 1. 15.02.2024-ലെ ഇടുക്കി ജില്ലാ റാങ്ക് ഹോൾഡേഴ്സ് സമർപ്പിച്ച പരാതി.

2. സ.ഉ.(സാധാ) നം.306/2024/P&ARD തീയതി 29-07-2024

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വിദ്യാഭ്യാസ, ആരോഗ്യ വകുപ്പകളിലെ വിവിധ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാമർശിത പരാതികളിന്മേലും മറ്റ് വകുപ്പകളിലെ ഓഫീസുകളിൽ ആക്സമിക പരിശോധനയും നടത്തുന്നതിന് പരാമർശിത ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും വയനാട്ടിലെ വിഷയവുമായി ബന്ധപ്പെട്ട നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ആയതിലേയ്ക്ക് 21/08/2024, 22/08/2024, 23/08/2024 തീയതികളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിലെ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരിശോധനാ ഉദ്യോഗസ്ഥർ**

1) ശ്രീ.സജികുമാർ കെ, സെക്ഷൻ ഓഫീസർ,
2) ശ്രീ.ഗിരീഷ് കുമാർ ജി.എൻ, സെക്ഷൻ ഓഫീസർ
3) ശ്രീ.രതീഷ് എം, സെക്ഷൻ ഓഫീസർ
4) ശ്രീമതി ബീന പറമ്പിൽ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്
5) ശ്രീമതി അഞ്ജന വി.ആർ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

ശ്രീമതി ശ്രീലത വി.എസ്., അണ്ടർ സെക്രട്ടറി പരിശോധന ടീമിനെ നയിക്കുന്നതും പരിശോധനയ്ക്ക് മേൽനോട്ടം വഹിക്കുന്നതുമായിരിക്കും. ടി ഉദ്യോഗസ്ഥർക്ക് യാത്രാനുമതി കൂടി നല്കി ഉത്തരവാകുന്നു.

പരാമർശം 2) ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനാറാണി ജി.എസ്സ്.
ജോയിന്റ് സെക്രട്ടറി

ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക്
ഡയറക്ടർ ജനറൽ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
പൊതുഭരണ (അക്കൗണ്ട്സ്-ബഡ്ജറ്റ് വിംഗ്/P/H) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sajikumar. K
Date: 12-08-2024 16:20:52

സെക്ഷൻ ഓഫീസർ